**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6693** **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്ഥാനിയ, വോൾവോ ബസ്സുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്ഥാനിയ, വോൾവോ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സ്പെയർ പാർട്സിന് ക്ഷാമം അനുഭവപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. സ്ഥാനിയ / വോൾ വോ ബസ്സുകളുടെ സ്പെയർ പാർട്സുകൾക്ക് താരതമ്യേന വില കൂടുതൽ ആയതിനാൽ എല്ലാ തരം സ്പെയർ പാട്സുകളും വാങ്ങി സ്റ്റോക്ക് ചെയ്യുന്നത് പ്രായോഗികമല്ല. നിരന്തരം ആവശ്യം വരുന്നതും ഫാസ്റ്റ് മൂവിംഗ് ആയതുമായ കുറച്ച് സ്പെയർ പാട്സുകൾ മാത്രമാണ് വാങ്ങുന്നത്. മറ്റ് സ്പെയർ പാട്സുകൾ ആവശ്യം വരുമ്പോൾ മാത്രം വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഏജൻസികളിൽ നിന്ന് ബന്ധപ്പെട്ട ഡിപ്പോകളിൽ നിന്നും ഓർഡർ നൽകി ലഭ്യമാക്കുകയാണ് പതിവ്. ആയതിനാൽ സ്പെയർ പാട്സുകൾ ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടാകുന്നുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കോർപ്പറേഷന് മുൻകൂട്ടി ഫണ്ട് അനുവദിച്ച് മുൻകൂറായി സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ